# GHS AKALUR

# LITTLE KITEs

## 2018 - 19

# നവജ്യോതി

## ഡിജിറ്റൽ മാഗസിൻ



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS



## ആമുഖം

**പ്രി**യ കൂട്ടുകാരെ,

നവജ്യോതി എന്ന ഈ മാഗസിനിലൂടെ ലിറ്റിൽ കൈറ്റ്സിലൂടെ ഞങ്ങൾ നേടിയ അറിവ് നിങ്ങളുമായി

പങ്കുവെക്കുകയാണ്.സാങ്കേതികവുംഅക്കാദമികവുമായമുന്നേറ്റത്തിന്റെ ആദ്യചുവടുവെപ്പായ ഈ സംരംഭം എല്ലാ കൂട്ടുകാർക്കും ഒരു പുതുവെളിച്ചമാകുമെന്ന പ്രത്യാശയോടെ.......

സ്നേഹപൂർവം

എഡിറ്റർ

## ലിറ്റിൽ കൈറ്റ്സ് എഡിറ്റോറിയൽ ബോർഡ്



1.ഷാഹിന.എൻ.എച്ച് (എഡിറ്റർ)

2.അഞ്ജനാദാസ്.പി.എ(സബ് എഡിറ്റർ)

3.മിഥുൻ.എം.ജെ

4.അഭിജിത്ത് മോഹൻ.പി

5.സ്നേഹ.എം.യു

6.നിത്യ.പി.എസ്

7.അതുൽ പ്രസാദ്.സി

*********



**നമ്മുടെ വിദ്യാലയത്തിലെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ നൂതനസംരംഭമായ ഡിജിറ്റൽ  മാഗസിന് ഹൃദ്യമായ ഭാവുകങ്ങൾ നേരുന്നു....**

**ശ്രീമതി.പ്രിയ.എസ്**

**ഹെഡ്മിസ്ട്രസ്സ്**



**അകലൂരിലെ വിദ്യാർഥികളുടെ  ആദ്യസംരംഭമായ ഡിജിറ്റൽ മാഗസിന് എന്റെയും പി.ടി.എ ഭാരവാഹികളുടേയും എല്ലാവിധ അനുഗ്രഹാശിസ്സുകളും നേരുന്നു...**

**ശ്രീ.ഭാസ്കരൻ**

**പി.ടി.എ.പ്രസിഡൻറ്**



നവജ്യോതി ഡിജിറ്റൽ മാഗസിനും എന്റെ പ്രിയ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർക്കും എല്ലാവിധ ആശംസകളും നേരുന്നു....

അഞ്ജന.പി

സ്കൂൾ ലീഡർ

**ഉള്ളടക്കം**

ART GALLERY....92
....10, 23, 28pp., 89
ഇന്നിലൂടെ....23
ഇന്നിലൂടെ....23
ചരിത്രത്തിലൂടെ....17
സ്കൂൾ പാർലമന്റ്....8
संस्कृतम्....90
ആമുഖം....2
ഇന്നിലൂടെ....23
ഓർമ്മകളിലെ അകലൂർ....18
ഔദ്യോഗിക ജീവിതത്തിൽ നിന്നൊരു താള്....36
ക്ലാസ്സ്....30
ക്ലാസ്സ്ഫോട്ടോസ്....30
ചരിത്രത്തിലൂടെ....17
ചരിത്രത്തിലൂടെ....17
ചരിത്രത്തിലൂടെ....17
ചലച്ചിത്രം എന്നിലൂടെ....51
ജി.എച്ച്.എസ്.അകലൂർ - 2017-18....6
ലിറ്റിൽ കൈറ്റ്സ്....11
ലിറ്റിൽ കൈറ്റ്സ് എഡിറ്റോറിയൽ ബോർഡ്....3
സ്കൂൾ പാർലമന്റ്....8

# ജി.എച്ച്.എസ്.അകലൂർ - 2017-18






**തുടർച്ചയായി നാലാം വർഷവും എസ്. എസ്. എൽ.സിയ്ക്ക് 100 % വിജയം**

## നിലനിർത്തിയ 2017-18 ലെ  വിദ്യാർഥികൾ.



## സമ്പൂർണ്ണ A⁺ നേടിയ കൃപ .എസ്



# സ്കൂൾ പാർലമെന്റ്



**നമ്മുടെ സ്കൂളിന്റെ യശസ്സ് വാനോളം ഉയർത്തിക്കൊണ്ട് ഫ്ലവേഴ്സ് ചാനലിന്റെ കോമഡി ഉത്സവം 2018-ൽ മിമിക്രി അവതരിപ്പിച്ച രജിത്ത് . പി (8-B)**



**മികച്ച വിദ്യാർഥിക്കുള്ള ഒറ്റപ്പാലം കവിത ജ്വല്ലറിയുടെ കാഷ് അ വാർഡ് നേടിയ സൂര്യ .കെ .എസ്**



**അക്ഷരമുറ്റം ,ന്യൂമാറ്റ്സ് പരീക്ഷകളിൽ സബ്ജില്ലയിൽ ഒന്നാംസ്ഥാനം നേടിയഅശ്വിൻ .ബി**



# ലിറ്റിൽ കൈറ്റ്സ്



കൈറ്റ് (കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എജ്യുക്കേഷൻ)ന്റെ ആഭിമുഖ്യത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന കംപ്യൂട്ടർ പരിശീലന പദ്ധതിയായ ലിറ്റിൽ കൈറ്റ്സിന്റെ ഒരു യൂണിറ്റ് ഗവൺമെന്റ് ഹൈസ്കൂൾ അകലൂരിലും ആരംഭിച്ചു.അതിന്റെ ഭാഗമായി 8-ാം ക്ലാസിലെ 20 വിദ്യാർത്ഥികളെ അഭിരുചി പരീക്ഷ നടത്തി തെരഞ്ഞെടുത്തു.







## നമ്മുടെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

1) 4844 -അഞ്ജലിശിവ.എസ്

2) 4853 -അഞ്ജനാദാസ്.പി.എ

3 ) 4843 -ആര്യ.കെ.ആർ

4 ) 4656 -മായ.സി.എം

5 ) 4854 -നിത്യ.പി.എസ്

6) 4729 -പ്രൻസിയ.കെ

7) 4669 -ഷാഹിന.എൻ.എച്ച്

8) 4855 -സ്നേഹ.എം.യു

9) 4647 -അജേഷ്.എം

10) 4650 -അമൃതേഷ്.എ

11) 4785 -അതുൽ പ്രസാദ്

12) 4640 -വിജേഷ്.സി

13) 4852 -വിപിൻ.എ

14) 4631 -പ്രവീണ.പി.എസ്

15) 4643 -ഷിജിത.കെ.സി

16) 4784 -അഭിജിത്ത് മോഹൻ.പി

17) 4856 -മിഥുൻ.എം.ജെ

18) 4682 -മൃദുൽ.എം

19) 4641 -സിയാദ്.പി

20) 4632 -സുജിത്ത്.പി

## ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സുമാർ



1.സി.എസ്.അനുപമ- HST (ഇംഗ്ലീഷ്)

2.കോമളകൃഷ്ണൻ.എം.കെ- HST (സംസ്കൃതം)

11/06/2018 ന് ലിറ്റിൽ കൈറ്റ്സ് ബോർഡ് സ്ഥാപിച്ചു കൊണ്ട് യൂണിറ്റിന്റെ സ്കൂൾ തല ഉദ്ഘാടനം ബഹുമാനപ്പെട്ട പ്രധാനാധ്യാപിക പ്രിയ ടീച്ചർ നിർവ്വഹിച്ചു. 22/06/2018 ന് ഈസ്റ്റ് ഒറ്റപ്പാലം സ്കൂളിൽ വെച്ച് ആദ്യ ഓറിയന്റേഷൻ ക്ലാസ്

**കൈറ്റ് പാലക്കാട് ജില്ലാ കോർഡിനേറ്റർ ശശികുമാർ സർ** നൽകി.



13/07/2018 നാണ് L. K.ന്റെ ആദ്യ ക്ലാസ് ഇവിടെ ആരംഭിച്ചത്.

**L.K.യൂണിയന്റെ അമരക്കാരായി തെരഞ്ഞെടുക്കപ്പെട്ടവർ**



ലീഡർ - സ്നേഹ.എം.യു

ഡെപ്യൂട്ടി ലീഡർ - മിഥുൻ.എം.ജെ

ലിറ്റിൽ കൈറ്റ്സ് പദ്ധതിയിൽ അംഗമായ വിദ്യാർത്ഥികൾക്ക് പരിശീലന കാലയളവിൽ വൈവിധ്യമാർന്ന ഗ്രാഫിക്സ്&ആനിമേഷൻ ,സ്ക്രാച്ച്പ്രോഗ്രാമിങ്ങ്

**,പൈത്തൺപ്രോഗ്രാമിങ്ങ് ,മൊബൈൽആപ്പ്നിർമ്മാണം,റോബോട്ടിക്സ്,ഇലക്ട്രോണിക്സ്,ഹാർഡ്വെയർ, മലയാളം കംപ്യൂട്ടിങ്ങ്, ഡെസ്ക്ടോപ്പ് പബ്ലിഷിങ്ങ്,ഇന്റർനെറ്റ് സൈബർ സുരക്ഷ എന്നിവയിൽ പരിശീലനം ലഭിക്കുന്നു.മികവ് പുലർത്തുന്നവർക്ക് സബ് ജില്ല,ജില്ല,സംസ്ഥാനതല ക്യാമ്പുകളിൽ ഉയർന്ന പരിശീലനം നൽകുന്നു.**

സ്കൂൾ ക്യാമ്പിൽ 4/08/18 ന് ഓപ്പൺഷോട്ട് വീഡിയോ എഡിറ്റർ,ഒഡാസിറ്റി എന്നിവയിൽ നമ്മുടെ സ്കൂളിലെ SITC ജ്യോതി ടീച്ചറിൽ നിന്നും വിദഗ്ധ പരിശീലനം ലഭിച്ചു.**ഗ്രാഫിക്സ്&ആനിമേഷനിലും സ്ക്രാച്ച് പ്രോഗ്രാമിങ്ങിലും സബ് ജില്ലാതല ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നമ്മുടെ പ്രതിഭകൾ –**

1.ഷാഹിന.എൻ.എച്ച്

2.അഞ്ജനാദാസ്.പി.എ

3.മിഥുൻ.എം.ജെ

4.അഭിജിത്ത് മോഹൻ.പി

5.സ്നേഹ.എം.യു

6.നിത്യ.പി.എസ്



ഇതുവരെ 16 മൊഡ്യൂളുകളായി മൊബൈൽ ആപ്പ് നിർമ്മാണം വരെയുള്ള പരിശീലനം പൂർത്തിയായി. കൂടാതെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ ഷാഹിന,അതുൽ പ്രസാദ് എന്നിവർക്ക് കൈറ്റ് നൽകിയ D S L R ക്യാമറ പരിശീലനവും വാർത്താ നിർമ്മാണ പരിശീലനവും ലഭിക്കുകയുണ്ടായി.ഇതിന്റെ ഭാഗമായി സ്കൂളിലെ മികവാർന്ന പ്രവർത്തനങ്ങൾ വാർത്തയായി വിക്ടേഴ്സ്

ചാനലിലേക്ക് അപ്ലോഡ് ചെയ്യുവാൻ ഉള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.



ലിറ്റിൽ കൈറ്റ്സിന്റെ നൂതന സംരംഭമാണ് ഡിജിറ്റൽ മാഗസിൻ നിർമ്മാണം.നമ്മുടെ ഇതുവരെ യുള്ള എല്ലാ പ്രവർത്തനങ്ങൾക്കും സാമ്പത്തികവും അല്ലാത്തതുമായ എല്ലാ സഹായവും കൈറ്റിന്റെ ജില്ലാ ഓഫീസിൽ നിന്നും മാസ്റ്റർ ട്രെയ്നർമാരിൽ നിന്നും നമുക്ക് ലഭിക്കുന്നുണ്ട്.

അകലൂർ എന്ന ഒരു ചെറിയ ഗ്രാമത്തിലെ കുട്ടികൾ അവരുടെ പരിമിതമായ സൗകര്യങ്ങളുടേയും അനുഭവങ്ങളുടേയും വെളിച്ചത്തിൽ നിർമ്മിച്ച ഈ ഡിജിറ്റൽ മാഗസിൻ നിങ്ങൾക്കായി സമർപ്പിക്കുന്നു. ഇതിൽ പോരായ്മകളേറെയുണ്ടെങ്കിലും ഈ ഗ്രാമത്തിലെ ലിറ്റിൽ കൈറ്റുകൾക്ക് ഇതൊരു നവ്യാനുഭവം തന്നെ.... ഈ **നവജ്യോതി** വരും തലമുറകളിലെ കുരുന്നുകൾക്കും പ്രകാശം പകരട്ടെ.............



# ചരിത്രത്തിലൂടെ......

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം താലൂക്കിലെ ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിലെ മികച്ച സ്കൂളുകളിൽ ഒന്നാണ് അകലൂർ. ഗവ.ഹൈസ്കൂൾ. ഇന്നേക്ക് 92 വർഷങ്ങൾ പിന്നിട്ടിരിക്കുന്നു

1925 ൽ അവുഞ്ഞിയിൽ ചാമി എന്ന മഹാനുഭാവൻ തന്റെ സഹോദരിമാർക്കും മക്കൾക്കും വിദ്യാഭ്യാസത്തിനു വേണ്ടി സ്ഥാപിച്ചതാണ് ഈ വിദ്യാലയം . 74 വർത്തിനു ശേഷം 1999 ൽ ഇദ്ദേഹത്തിന്റെ മകനായ അവുഞ്ഞിയിൽ നാരായണൻ 221/2 സെന്റ്സ്ഥലം സ്കൂളിന് സൗജന്യമായി നൽകി. അതിന്റെ ഭാഗമായി നടന്ന തുടർപ്രവർത്തനങ്ങളുടെ ഫലമായി 2003 ൽ സ്കൂൾ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത്സർക്കാറിലേക്ക്നൽകി. വിവിധ സർക്കാർ ഏജൻസികളുടെ നിരന്തര സഹായത്താൽ ഗവ.സീനിയർ ബേസിക് സ്കൂൾഅകലൂർ2013 ൽഗവ.ഹൈസ്കൂൾ അകലൂർ ആയി മാറി.

ഒറ്റപ്പാലംസബ്ജില്ലയിലെമികച്ചവിദ്യാലയങ്ങളിൽ ഒന്നാണ് അകലൂർ സ്കൂൾകുട്ടികളുടെ പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ ഈ വിദ്യാലയം മുന്നിട്ട് നിൽക്കുന്നു. 2015,2016, 2017 തുടങ്ങിയ വർഷങ്ങളിൽ S.S.L.C പരീക്ഷയിൽ ഈ സ്കൂൾ 100% വിജയം കൈവരിച്ചിട്ടുണ്ട് മികച്ചപഠനാന്തരീക്ഷംഒരുക്കികുട്ടികളെആകർഷിക്കാൻസദാപരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ധാരാളം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ഈ വിദ്യാലയം മികച്ച നേട്ടം കൈവരിച്ചു കൊണ്ടിരിക്കുന്നത്.

സ്കൂളിന്റെ മികവുകൾ പരിഗണിച്ചാണ് 2013-14 അധ്യയനവർഷത്തിൽ വിദ്യാലയം ഹൈസ്കൂളായി ഉയർത്തിയത്. ഇതിനായി അത്യധികം പരിശ്രമിച്ചത് മുൻ. എം.എൽ.എ ശ്രീ എം.ഹംസ അവർകളാണ്. അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടേയും കൂട്ടായ പരിശ്രമത്തിന്റെ ഫലമായി സ്കൂളിന് വിവിധ പുരസ്കാരങ്ങൾ നേടാൻ കഴിഞ്ഞു. മികച്ച പി.ടേ.എ.ക്കുള്ള അവാർഡ് എസ്.എസ്.എയുടെ സ്കൂൾ സൗന്ദര്യവത്ക്കരണം, സാധന പുരസ്കാരം എന്നിവ അവയിൽ ചിലതാണ്

സ്കൂളിന്റെ നല്ല നിലയിലുള്ളപ്രവർത്തനത്തിനായി ജനപ്രതിനിധികൾ അത്യധികം

പരിശ്രമിച്ചിട്ടുണ്ട് .

ആദ്യകാലങ്ങളിൽ രണ്ട് ഓടിട്ട കെട്ടിടത്തിൽ മാത്രം പ്രവർത്തിച്ചുകൊണ്ടിരുന്ന ഈ വിദ്യാലയം ഇന്ന് മെച്ചപ്പെട്ട കെട്ടിടങ്ങളിലാണ് പ്രവർത്തിച്ചുവരുന്നത്. പ്രീ-പ്രൈമറി മുതൽ പത്താംതരം വരെയുള്ള വിദ്യാർത്ഥികൾ അധ്യയനം നടത്തി വരുന്നു. ചുറ്റുമതിലും പഠനവിഭവങ്ങൾ ആലേഖനം ചെയ്ത ഭിത്തികളും സ്കൂളിന്റെ ആകർഷണമാണ്. പണ്ട് കുടിവെള്ളത്തിനായി കിണറിനെ മാത്രം ആശ്രയിച്ചിരുന്ന ഈ സ്കൂൾ ഇപ്പോൾ ബോർവെൽ, പഞ്ചായത്ത് വക പൈപ്പ് തുടങ്ങിയ സൗകര്യങ്ങൾ ഉണ്ട്.

## **ഓർമ്മകളിലെ അകലൂർ.........**















ഇന്ത്യ



കേരളം






CHILDREN'S PARK





# ഇന്നിലൂടെ....................

## 2017-18

പ്രവേശനോത്സവ പരിപാടികളോടെ ജൂൺ- 1 ന് 2018-19 അധ്യായനവർഷം ആരംഭിച്ചു. പച്ചക്കറിത്തോട്ടനിർമാണം , മെഹന്തിഫെസ്റ്റ്, വായനാദിനാഘോഷം എന്നീ വൈവിധ്യമാർന്ന പരിപാടികളോടെ ജൂൺമാസം സമ്പുഷ്ടമായി. ബഷീർദിനാഘോഷം , ചാന്ദ്രദിനാഘോഷം , ക്ലാസ് ലൈബ്രറി തയ്യാറാക്കൽ , ക്ലബ് ഉദ്ഘാടനങ്ങൾ, വിജയോത്സവം , വിവിധ വിഷയങ്ങളുടെ വാർത്താബോർഡുകൾ, Dream IAS@ 2030 പൊതുവിജ്ഞാന ക്വിസ് പരിപാടി എന്നീപരിപാടികൾക്ക് ജൂലൈ മാസത്തിൽ തുടക്കം കുറിച്ചു. .

ഹിരോഷിമ-നാഗസാക്കി ദിനാചരണങ്ങൾ, ഗണിതക്വിസ്, സ്വാതന്ത്ര്യദിനാഘോഷം, പച്ചക്കറികൃഷി വിളവെടുപ്പ് എന്നിവ ആഗസ്റ്റ് മാസത്തിൽ നടന്നു.

സെപ്തംബർ മാസത്തിൽ PTA ജനറൽ ബോഡി കൂടി. വിദ്യാരംഗത്തിന്റെ സ്കൂൾതലമത്സരങ്ങൾ നടത്തി. വിജയികളെ തെരഞ്ഞെടുത്തു. സംസ്കൃതം,ഹിന്ദി ദിനാചരണങ്ങൾ , സ്കൂൾ സ്പോർട്സ്, ലഹരിവിരുദ്ധ റാലി, ഊർജ്ജ സംരക്ഷണം എന്ന വിഷയത്തിൽ പെയിന്റിങ്ങ് മത്സരം, സൈലന്റെവാലയിൽ നേച്ചർ ക്യാമ്പ് എന്നിവ സംഘടിപ്പിച്ചു.

ഗാന്ധിജയന്തി ആഘോഷം, സ്കൂൾപാർലമെന്റ് ഇലക്ഷൻ, സ്കൂൾതലശാസ്ത്രമേള, മലയാളത്തിളക്കം, ശ്രദ്ധ ക്ലാസുകൾ ഉദ്ഘാടനം, സ്കൂൾ കലോത്സവം ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ഖസാക്ക് പഠനയാത്ര, ISRO പ്രദർശനം സന്ദർശനം , ഭക്ഷ്യമേള, സബ്ജില്ലാമേളകൾ, പരിസ്ഥിതി സംരക്ഷണറാലികൾ എന്നിവ ഒക്ടോബർമാസത്തിൽ സംഘിപ്പിച്ചു.

കേരളപ്പിറവി ആഘോഷങ്ങളോടെ നവംബർ മാസം ആരംഭിച്ചു. HS വിഭാഗം മലയാളത്തിളക്കം നടന്നു . LP വിഭാഗം നൂൽനൂൽപ്പ് കേന്ദ്രത്തിലേയ്ക്ക് പഠന യാത്ര നടത്തി. ശിശുദിനം വൈവിധ്യമാർന്ന പരിപാടികളോടെ ആഘോഷ്ച്ചു. പ്ലാസ്റ്റിക്കിൽ നിന്നും കൗതുകവസ്തുക്കൾ നിർമ്മിക്കാനായി

BRC നേതൃത്വത്തിൽ പരിശീലനം നൽകി. ഭിന്നശേഷിവാരാചരണത്തിന്റെ മുന്നോടിയായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. ഡിസംബർ മാസത്തിൽ

വിനോദയാത്ര സംഘടിപ്പിച്ചു .അർദ്ധവാർഷിക പരീക്ഷകൾ നടന്നു.
കഴിഞ്ഞ വർഷത്തെ പോലെ ഈ വർഷവും 100% വിജയം കൈവരിക്കാനായി പത്താം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് പ്രഭാത-സായാഹ്ന ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ ഞങ്ങളുടെ ജൈത്രയാത്ര തുടരുന്നു...............









ROOM
LABORATORY


























KHADI PRODUCTION CENTRE



–

# <u>ക്ലാസ്സ്ഫോട്ടോസ്</u>

# എച്ച് . എസ്



***10 STD***



***9 STD***



*8-A*



***8-B***

# യു.പി



***7 STD***



***6 STD***



***5 STD***

# എൽ. പി



***IV STD***



***III STD***



***II STD***



***I STD***



***PRE - PRIMARY***

# ഔദ്യോഗിക ജീവിതത്തിൽ നിന്നൊരു താള്......



**ഏ**കദേശം 30 വർഷങ്ങൾക്ക് മുൻപ് 1989 ലെ വർഷക്കാലത്ത് ആരംഭിച്ച എന്റെ ഔദ്യോഗിക ജീവിതത്തിന് ഈ വേനലോടുകൂടി തിരശ്ശീല വീഴുകയാണ്.ഒറ്റപ്പാലം മന്നം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ എനിക്കു വിദ്യ പകർന്നു നൽകിയ അധ്യാപകൻ ശിവൻ കുട്ടി മാസ്റ്റർ പ്രധാനാധ്യപകനായിരിക്കുമ്പോഴാണ് ഞാൻ ജോലിയിൽ പ്രവേശിക്കുന്നത്. ഏഴുമാസത്തെ ചുരുങ്ങിയ കാലയളവു മാത്രമാണ് അവിടെ ജോലി ചെയ്തത്. എങ്കിലും ഇന്നും ഒരു ഓർമ്മയാണത്. പിന്നീട് ഞാൻ പഠിച്ച വിദ്യാലയത്തിൽ (എ.ജെ.ബി.സ്കൂൾ,പാലപ്പുറം) എന്റെ ഗുരുക്കൻമാരുമൊത്ത് ജോലി ചെയ്യാൻ അവസരം ലഭിച്ചു. ഒരു വലിയ ഭാഗ്യവും അനുഗ്രഹവുമായിരുന്നു അത്."കുട്ട്യേ നമുക്കു ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ എപ്പോഴും നമ്മൾ ചെയ്യണം"എന്ന്,അന്ന് മാധവൻ മാസ്റ്റർ പറഞ്ഞ വാക്കുകൾ ഇന്നും ഞാൻ ആദരപൂർവ്വം സ്മരിക്കുന്നു.

ഒരു ജോലി എന്ന നിലയിൽ അധ്യാപനം സ്വീകരിച്ച എനിക്ക് ആ ആശയം മാറാൻ അധിക സമയം വേണ്ടി വന്നില്ല. മുന്നിൽ ഇരിക്കുന്ന നിഷ്കളങ്കമായ പിഞ്ചു

മുഖങ്ങൾ,ജീവനില്ലാത്ത ഫയലുകളേക്കാൾ എത്രയോ ശ്രേയസ്കരമാണെന്ന് വളരെ വേഗത്തിൽ ഞാൻ തിരിച്ചറിഞ്ഞു. സ്വന്തം വിഷമങ്ങളും സങ്കടങ്ങളും എല്ലാം ദൂരീകരിക്കാനും ഒരു പരിധിവരെ ഇല്ലാതാക്കാനും പിഞ്ചോമനകൾക്ക് നിഷ്പ്രയാസം സാധിക്കും.എന്റെ പിതാവ് കാൻസർ രോഗത്തോട് മല്ലിടുന്ന ദുർഘടനിമിഷത്തിൽ ഈ സത്യം ഞാൻ നിസ്സംശയം തിരിച്ചറിഞ്ഞു. ഒരു ഗദ്ഗദത്തോടെ ഒർക്കുന്ന ആ നിമിഷങ്ങളിൽ എന്നും ഒരു സാന്ത്വനമായി ക്ലാസ്സ് മുറികളിലെ നിമിഷങ്ങൾ.

1993 ൽ കേരള p.s.c.നിയമനത്തിൽ മലപ്പുറം ജില്ലയിലെ ആനക്കോട്ടുപുറം സ്കൂളിൽ പ്രവേശിച്ചു. ഹോസ്റ്റൽ ജീവിതം എന്തെന്നറിയാത്ത എനിക്ക് അന്ന് അതല്ലാതെ ഒരു പോംവഴി ഇല്ലാതായി.ഗതാഗത സൗകര്യങ്ങൾ വളരെ പരിമിതമായ അന്ന് വളരെ ചെറുതായിരുന്ന എന്റെ മകളെ പിരിഞ്ഞ് ഹോസ്റ്റൽ ജീവിതം തിരഞ്ഞെടുക്കേണ്ടി വന്നു. ആ ഓർമ്മകൾ ഇന്നും എന്റെ മിഴികളിൽ നനവുളവാക്കുന്നു.

മഞ്ചേരി ഹോസ്റ്റലിൽ നിന്ന് ആനക്കോട്ടുപുറം ബസ്സ് സ്റ്റോപ്പിൽ ഇറങ്ങിയാൽ ഇടവഴിയിൽക്കൂടിയും, മൺപാതയിലൂടെയും നെൽപ്പാടങ്ങളിലൂടേയും തെങ്ങുകളും കവുങ്ങുകളും നിറഞ്ഞതോപ്പിലൂടേയും മൂന്ന് കിലോമീറ്റർ നടന്ന് ഒരു തോട്ടിൻ വക്കത്തെത്തും.കവുങ്ങിൻ തടികൾ ചേർത്തിട്ട പാലത്തിലൂടെ തോട് കടന്നാൽ സ്കൂളിലെത്തും.ഒരു വർഷമാകുന്നതിനു മുമ്പ് ചൊവ്വാണ സ്കൂളിലേക്ക് സ്ഥലം മാറ്റം കിട്ടി.10-30 ന് ക്ലാസ്സാരംഭിക്കുന്നത് ഒരു സമാധാനമായിരുന്നു.രാവിലെ 7-30 ന് പോയാൽ നാല് ബസ്സ് മാറിക്കേറി ഒരു കിലോമീറ്റർ നടന്ന് സ്കൂളിലെത്തും.തിരിച്ചുള്ള യാത്റയും ദുഷ്കരം തന്നെ.സന്ധ്യ കഴിഞ്ഞ് 7-30 ഓടു കൂടെ തിരിച്ച് വീട്ടിലെത്താം എന്നതു കൊണ്ട് അതൊരു വലിയ ബുദ്ധിമുട്ടായി അന്ന് അനുഭവപ്പെട്ടില്ല. ഏഴു വർഷത്തിനു മുകളിൽ നിന്ന ആ അദ്ധ്യായത്തിൽ എൻെറ മക്കൾ വളർന്നു. അവരുടെ കാര്യങ്ങളും വിദ്യാഭ്യാസവും ഒന്നും എനിക്ക് വേണ്ടവിധം ശ്രദ്ധിക്കാൻ കഴിഞ്ഞില്ല എന്ന ദുഃഖം എന്നും എനിക്കുണ്ടായിരുന്നു. ഒരു പക്ഷെ അതുപോലെ പലതും അതിനിടയിയിൽ നഷ്ടമായിട്ടുണ്ടാവും.

2000 ആണ്ടിൽ ഫെബ്രുവരി മാസത്തിലാണ് എനിക്ക് അകലൂർ സ്കൂളിലേക്ക് സ്ഥലംമാറ്റം ലഭിച്ചത്. വീടിന്റെ വളരെ അടുത്തായിരുന്നിട്ടും ഈ

സ്ഥലം എനിക്ക് അജ്ഞാതമായിരുന്നു. ആദ്യകാലഘട്ടങ്ങളിൽ പഴയലെക്കിടിയിൽ നിന്നും നടന്നു വേണം സ്കൂളിലെത്താൻ. ഇന്നലെ നടന്നപോലെ ആ കാലഘട്ടം ഞാൻ ഓർക്കുന്നു. കാലചക്രം തിരിഞ്ഞുകൊണ്ടേ ഇരുന്നു. പുരോഗമനം ഓട്ടോറിക്ഷയായും, ബസ്സായും സ്വകാര്യവാഹനങ്ങളായും മറ്റുസൗകര്യങ്ങളായും,അകലൂർസ്കൂളിനെതേടിയെത്തി.

അദ്ധ്യാപകർക്കും കുട്ടികൾക്കും ഒരു ശൗചാലയം പോലും ഇല്ലാതിരുന്ന അപ്പർ പ്രൈമറി സ്കൂളിൽ നിന്നും മൈതാനവും കംപ്യൂട്ടറുകളും എല്ലാം ഉള്ള ഹൈസ്കൂൾ ആയിമാറി ഇന്ന് അകലൂർ സ്കൂൾ. ഈ ഉയർച്ചയിൽ അതിയായി സന്തോഷിക്കുന്നതിനൊപ്പം അതിൽ ഒരു അധ്യാപിക എന്ന നിലയിലും ഒരുവ്യക്തി എന്ന നിലയിലും ചെറിയ തോതിലെങ്കിലും പങ്കുചേരാൻ സാധിച്ചതിൽ അതിയായി അഭിമാനിക്കുകയും ചെയ്യുന്നു.

ഔദ്യോഗികജീവിതത്തിന്റെ മൂന്നിൽ രണ്ടുഭാഗവും ചിലവഴിച്ച ഈ വിദ്യാലയം എന്നും വേറിട്ടു നിൽക്കുന്ന ഒരദ്ധ്യായമാണ്. ഒരുപാട് സുഹൃത്തുക്കളെ ഞാൻ ഈ കാലയളവിൽ സമ്പാദിച്ചു. അനേകം വിദ്യാർഥികളും അധ്യാപകരും ജീവിതത്തിലൂടെ കടന്നുപോയി. ഞാൻ അറിയാതെ തന്നെ ഈ ഗ്രാമവും, രക്ഷിതാക്കളും, നാട്ടുകാരും എല്ലാവരും എന്നിൽ അലിഞ്ഞു ചേരുകയായിരുന്നു. ഞാൻ അകലൂരിൽ ലയിക്കുകയായിരുന്നു. പഠനയാത്രകൾ, വിനോദയാത്രകൾ എല്ലാം ആ ബന്ധങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതോടൊപ്പം ഒരുപാട് ഓർമ്മകൾ സമ്മാനിക്കുകയും ചെയ്തു. സെൻസസ്, ഇലക്ഷൻ ഡ്യൂട്ടികൾ, അധ്യാപക പരിശീലങ്ങൾ എല്ലാം ഓരോ അനുഭവങ്ങൾതന്നെ.

ഏതാനും മാസങ്ങൾ കുടിമാത്രമെ ഇനി ബാക്കിയുള്ളു എന്ന സത്യം എന്നെ ചെറുതായി വേദനിപ്പിക്കുന്നു എങ്കിലും എന്നെ ഞാനാക്കിയ ഈ വിദ്യാലയവും നാട്ടും എന്റെ മനസ്സിന്റെ പൂങ്കാവനമായി നിലനിൽക്കുന്നു.

"പോയിടേണ്ട നേരമായെനിക്ക്, വിട്ടയക്കു..................."ഒരുപാടു നല്ല ഓർമ്മകൾഉള്ള ഈ നിധികൊണ്ട് നിറഞ്ഞ മനസ്സോടെ വിടവാങ്ങട്ടെ..............

**ശോഭനാദേവി**
**ജി.എച്ച്.എസ്.അകലൂർ**


## " പ്രണയമാകുന്ന പ്രപഞ്ച പുഷ്പം"

**Aiswarya**
**UPST**

*മനസ്സിൽ ചില്ലുജാലകം തുറന്ന ഞാൻ ഇരിക്കുന്ന വേളയിൽ*
*ഇളങ്കാറ്റവന്നെൻ മനസ്സിൽ പൂവണിയിച്ചു.*
*ആ കുളിർമയാർന്ന ഇളങ്കാറ്റിൽ*
*ഞാനൊരിളം തെന്നലായ് മാറി*
*വെട്ടമാർന്ന നിലാവിനേയും തിളങ്ങും വജ്രമായ*
*മാരിയിൻ കണങ്ങളെ മാടിവിളിച്ചു.*
*ആ പവിത്രമായ പരിണാമത്തിൽ ഞാനെൻ മനം*
*ഭാസുരമണ്ണിലർപ്പിച്ചു.*
*ആ പവിത്രതയിൽ കണ്ടുഞാനൊരു വിശ്വരൂപ-*
*നായ് എന്നെ നോക്കുന്ന മലർപുഷ്പത്തെ*
*അതെൻ പ്രണയമാകുന്ന പുഷ്പമെന്ന ഞാനോർത്തുപോയി.*
*ഓർക്കുന്ന വേളയിൽ ഒരു കുഞ്ഞുതെന്നലെൻ*
*കണ്ണിമകളിൽ മുത്തംവച്ചു.*
*ആ പുഷ്പമെൻ മനസ്സിൽ ഭദ്രദീപം കൊളുത്തി*
*ആ ദീപത്തിലൊരാഗ്നി ജ്വാലയായ് ഞാൻ തിളങ്ങി.*
*പുഷ്പം അതിൻ ശിഖരങ്ങളാൽ എന്നെ തഴുകി*
*ഞാനെൻ മൃദുചുണ്ടുകളാൽ അതിനെ ചുംബിച്ചു.*
*മലർതൻ ശിഖരത്തിൽ നിന്നൊരിതൾ*
*ഇളങ്കാറ്റിൽ പതുക്കെ ചലിച്ചു.*
*അതിനെയെൻ കൈകളാൽ പുണരാൻ*
*എൻ മനം കൊതിച്ചു.*
*എൻ ഹൃദയത്തിൻ തുടുപ്പിനും*
*പുഷ്പത്തിൻ മനസ്സിൻ തുടിപ്പിനും*
*കുഞ്ഞിളം കാറ്റൊരു കളിത്തോഴിയായ് മാറി.*
*പ്രപഞ്ച പൂവാടിയിൽ ഞാനേകയാണെങ്കിലും*
*പുഷ്പമെൻ മനസ്സിനെ തൊട്ടറിഞ്ഞു.*
*ഞാനതിൻ മനതിൽ സ്നേഹത്തിൻ തേൻപകർന്നു.*
*തേൻ നകരം പുഷ്പം അതിൽ*
*ശിഖരങ്ങളാൽ എന്നെ പുണർന്നു.*
*അപ്പോഴെൻ മനം ചൊല്ലിഅതു നിൻ പ്രണയമാകുന്ന പ്രപഞ്ച പുഷ്പം.* *

*****

## രണ്ടക്ഷരം



അഞ്ജന ദാസ്
9 A

കാലചക്രം നീളെ നീങ്ങവെ
നിശ്ചലമാവുന്ന എൻ പ്രയാണം
പണ്ടത്തെ ഓർമ്മകൾ വിസ്മരിച്ചീടുമ്പോൾ
ഇന്നത്തെ ഞാൻ അത്ഭുതം പൂണ്ടിടുന്നു
പണമെന്ന രണ്ടക്ഷരം കൊണ്ടിന്നു
വല്ലായ്മയല്ലാതെന്തുണ്ട് പാരിൽ
കൊല്ലുന്നു ചാവുന്നു തട്ടിപ്പറിക്കുന്നു
ദുഷ്ടപ്രവൃത്തികൾ ചെയ്തിടുന്നു
അർത്ഥതിൻ പിന്നാലെ പായുന്നു
മാനവർ പിന്തിരിയാൻ പോലും മറന്നിടുന്നു

*****

## വായനാദിനം- ആസ്വാദനക്കുറിപ്പ് എച്ച്.എസ് ഒന്നാം സമ്മാനം

# ഒരച്ഛൻ മകൾക്കയച്ച കത്തുകൾ

-ജവഹർലാൽ നെഹ്റു

**ശ്രേയ**

**10 A**



1889 നവംബർ 14-ന് രാഷ്ട്രീയ പ്രവർത്തകനും അഭിഭാഷകനുമായ മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ്റാണിയുടെയും മകനായി അലഹാബാദിലെ ഒരു സമ്പന്നകുടുംബത്തിൽ ജനിച്ചു. കേം ബ്രിഡ്ജിൽ നിന്ന് ബിരുദപഠനം പൂർത്തിയാക്കിയ നെഹ്റു 1912-ൽ തിരിച്ച് ഇന്ത്യയിലെത്തി. ഏക പുത്രി ഇന്ദിരാപ്രിയദർശിനി 1917-ൽ പിറന്നു അടുത്ത മുപ്പത് വർഷത്തിനുള്ളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമുന്നത നേതാവായഅദ്ദേഹം ഇന്ത്യയുടെസ്വാതന്ത്ര്യപ്പോരാട്ടത്തിന്റെ മുൻ നിരയിലുണ്ടായിരുന്നു. പിന്നീട് അദ്ദേഹം ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായി തിരഞ്ഞെടുക്കപ്പെട്ടു.1828-ലെ വേനൽക്കാലത്ത് നെഹ്റുവിന്റെ മകൾ ഇന്ദിര, ഹിമാലയത്തിലുള്ള മുസ്സൂറിയിലും നെഹ്റു അടിവാരത്തുള്ള സമഭൂമിയിലും താമസിക്കുമ്പോൾ തന്റെ മകൾക്കെഴുതിയതാണ് "ഒരച്ഛൻ മകൾക്കയച്ച കത്തുകൾ"എന്നതിലെ കത്തുകൾ.ഭൂമിയുടെ ഉദ്ഭവം, മനുഷ്യന്റെ പരിണാമം, പ്രകൃതിയുടെ വൈവിധ്യം, ഭാഷ, ചരിത്രം, സംസ്കാരം, ഇന്ത്യയുടെ പൈതൃകം തുടങ്ങിയ വിഷയങ്ങളിലേക്കു തുറന്നിട്ട ജാലകങ്ങളാണ് ഇതിലെ ഓരോ കത്തുകളും. നെഹ്റുവിന്റെ അറിവും കാഴ്ചപ്പാടും ഇന്ദിരയുടെ ചിന്താധാരയെ രൂപപ്പെടുത്തുന്നതിൽ വഹിച്ച പങ്ക് എത്ര വലുതായിരുന്നു എന്ന് അറിയുവാൻ ഈ കത്തുകൾ നമുക്ക് സഹായകമാകും. പത്തുവയസ്സുകാരിയായ മകൾക്ക് അച്ഛനെഴുതിയ ഈ കത്തുകൾ മാതാപിതാക്കൾക്കും മക്കൾക്കും അധ്യാപകർക്കും പ്രകാശം ചൊരിയുന്ന വഴിവിളക്കുകളാണ്.

പ്രകൃതിഗ്രന്ഥം, ഭൂമിയുടെ ഉത്ഭവം, ആദ്യമുണ്ടായ ജീവികൾ, മൃഗങ്ങളുടെ ആവിർഭാഗം, ആദിമനുഷ്യർ, ഭാഷകൾ തമ്മിലുള്ള ബന്ധം, മതത്തിന്റെ ഉത്ഭവവും, കടൽയാത്രയും കച്ചവടവും, ഭാഷയും അക്ഷരങ്ങളും സംഖ്യകളും, രാജാക്കന്മാരും ക്ഷേത്രങ്ങളും ും പുരോഹിതന്മാരും, രാമായണവും മഹാഭാരതവും, എന്നിങ്ങനെ ധാരാളം കത്തുകൾ ഇതിലുണ്ട്. ഭൂമിയുടെ ആദ്യകഥ

പ്രകൃതിയാകുന്ന പുസ്തകത്തിൽ നിന്നുപഠിക്കേണ്ടതാണ്.ശില, താഴ്വാര,മല,സമുദ്രം,അഗ്നിപർവ്വതം എന്നിങ്ങനെ നമുക്ക് ചുറ്റും കാണുന്ന എല്ലാ വസ്തുക്കളും അടങ്ങിയതാണ് പ്രകൃതിപുസ്തകം.നമുക്ക് മുന്നിൽ എല്ലായിപ്പോഴും തുറന്നുകിടക്കുന്നു.എന്നാൽ കുറച്ചുപേർ മാത്രമാണ് വായിക്കുവാൻ ശ്രമിക്കുകയുള്ളൂ.ഭൂമിയുടെ ഉത്ഭവത്തെക്കുറിച്ച് പറയുകയാണെങ്കിൽ രാത്രി സമയത്ത് ആകാശത്ത് അനേകായിരം നക്ഷത്രങ്ങളുണ്ട്,ഇതിൽ ചിലതു മാത്രമാണ് ഗ്രഹങ്ങൾ.മനുഷ്യർക്കു മുമ്പ് കുരങ്ങൻമാരായിരുന്നു.അത് പിന്നീട് മനുഷ്യരായി മാറിക്കൊണ്ടിരിക്കുകയാണ്.മനുഷ്യനും സസ്യങ്ങളും തമ്മിലുള്ള വ്യത്യാസമെന്തെന്നു ചോദിച്ചാൽ,ഒരേയൊരു വ്യത്യാസം മാത്രം,സസ്യങ്ങൾ ചലിക്കുകയില്ല.പക്ഷേ ലണ്ടനിലെ ക്യൂ ഗാർഡനിൽ ചില ചെടികൾ ചലിക്കുകയും കൂടാതെ പ്രാണികളെ ഭക്ഷിക്കുകയും ചെയ്യുന്നു.എന്നാൽ സമുദ്രത്തിനടിയിൽ സ്പോഞ്ചുപോലെയുള്ള ജന്തുക്കൾ സഞ്ചരിക്കുന്നില്ല.അതുപോലെതന്നെ വെള്ളത്തിന്റെ അടിയിൽ ജീവിക്കുന്ന ജീവികൾ കരക്കടിപ്പിക്കുമ്പോൾ ചത്തുപോകുന്നു.ഉദാഹരണത്തിനെ കഞ്ഞിപ്പൊത്ത്.അവയ്ക്ക് തൊലി കട്ടിയില്ല,തൊലി കട്ടികൂടിയവർ അത്ര വേഗം ഉണങ്ങാത്തതുകൊണ്ട് അതി വേഗം മരിക്കുന്നില്ല.ഇങ്ങനെയുള്ള,അഥവാ പ്രകൃതിയെപ്പറ്റിയുള്ള ചിന്തകളാണ് നെഹ്റു തന്റെ മകൾക്ക് കത്തായി നൽകുന്നത്. കത്തുകൾ പെട്ടന്നാണ് അവസാനിക്കുന്നത്.പത്തുവയസ്സു മാത്രം പ്രായമായ കുട്ടിയ്ക്ക് അച്ഛന്റെ നിലയിൽ എഴുതിയതാണ്.കത്തുകൾ ഓരോ ഘട്ടങ്ങളാക്കി മാറ്റിയിരിക്കുന്നു.ഓരോ കത്തുകളും പുതുതലമുറയ്ക്ക് ഉപദേശവും ഗുണപാഠങ്ങളും പറയുന്നു.ഇതു വായിക്കുന്നവർ,ഈ ലോകം അനേകം രാഷ്ട്രങ്ങളടങ്ങിയ ഒരു ലോകകുടുംബമാണെന്നു ക്രമേണ ചിന്തിക്കുവാൻ തുടങ്ങുമെന്ന് ഞാൻ വിശ്വസിക്കുന്നു.

*********

# പുതു മഴ



**അഞ്ജന ദാസ്**
9 A

**മ**ഴ പെയ്യാൻ മോഹം മഴ പെയ്യാൻ മോഹം
മഴ പെയ്യും നാളിൽ  തിരുവോണം
മഴ പെയ്യും നേരത്തെ തെന്നലിൻ കുളിരും
മഴയുടെ താളവും ആഹ്ലാദമായ്
മഴ പെയ്യും നേരത്തെ മയിലിന്റെ ചാഞ്ചാട്ടം
കണ്ണിമയ്ക്കാതെ ഞാൻ നോക്കിനിൽക്കും
പുഴയുടെ കുത്തിയൊഴുക്കുകളിൽ മഴ
കോരിച്ചൊരിയുന്ന കാഴ്ച മധു.
പുതുമഴ പെയ്യുമ്പോൾ പാടങ്ങൾ നിറയുമ്പോൾ
നൃത്തം വയ്ക്കുന്ന മീനുകളും.
ഇതുകണ്ടാനന്ദംകൊള്ളുന്ന കർഷകരെ
കാണുവാൻ എന്തു ഭംഗി.

*****

# നവ കേരളം സൃഷ്ടിക്കാം

ഷിജിഷ.എസ്
9 A




**പു**നഃസ്ഥാപിക്കുകയല്ല മറിച്ച് പുതിയൊരു കേരളം സൃഷ്ടിക്കുകയാണ് ഈ കഴിഞ്ഞ പ്രളയം ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തമായിട്ടാണ് അറിയപ്പെടുന്നത് . കാരണം അത്രയും ആളുകൾ ഈ ദുരന്തത്തിൽ ഉൾപ്പെട്ടിരിക്കുന്നു. കേരളം ഒട്ടാകെ നാശനഷ്ടങ്ങൾ വരുത്തിവക്കാൻ പ്രളയത്തിനു കഴിഞ്ഞു.അത് കൊണ്ട് തന്നെ നമ്മുടെ കേരളത്തെ പുതുക്കി പണിത് പഴയഅവസ്ഥയിലേക്ക് കൊണ്ട് വരാൻ വേണ്ടി ധാരാളം ആളുകൾ വിദേശത്തുനിന്നും സ്വദേശത്തുനിന്നും കേരളത്തെ സഹായിച്ചിട്ടുണ്ട്.പഴയ കേരളത്തെ പുനഃസ്ഥാപിക്കുന്നതിന്ന് പകരം പുതിയൊരു കേരളത്തെ സൃഷ്ടിക്കുകയാണ് വേണ്ടത്. അതിന് വേണ്ടി നമ്മുടെ സംസ്ഥാന സർക്കാർ പല പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. അതിന് നമുക്ക് എല്ലാവർക്കും കൂടി പ്രോത്സാഹിപ്പിക്കാം ഈ ദുരന്തത്തിൽ രണ്ട് വിഭാഗം പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ ദുരന്തം തകർത്തെറിഞ്ഞത് ലക്ഷക്കണക്കിന് മലയാളികളുടെ സ്വപ്നങ്ങളാണ്. ആലപ്പുഴ,പത്തനംതിട്ട,കോട്ടയം,ഇടുക്കി ജില്ലകളിലാണ് നഷ്ടം ആദ്യം സംഭവിച്ചത്. പിന്നീട് അത് കേരളമൊട്ടാകെ പടരുകയും ചെയ്തു.ഈ നാശനഷ്ടത്തിൽ നിന്ന് അവരെ കര കേറ്റുന്നതിന്ന് വേണ്ടി നമുക്ക് എല്ലാ ഇടത്തു നിന്നും വിഭവ സമാഹരണം നടത്തേണ്ടതുണ്ട് വിഭവ സമാഹരണം ഓരോ മലയാളിയുടോയും ഉത്തരവാദിത്തമായിമാറണംദുരിതാശ്വാസ നിധിയിലേക്ക് വിഭവ സമാഹരണം എത്തിക്കുക എന്നത് രാഷ്ട്രീയഭേദമന്യേ ഏതൊരാളുടേയും ഉത്തരവാദിത്തമായി മാറണം.നമുക്ക് അതിവേഗംഅതിജീവിക്കണം പുതിയൊരു കേരളത്തെ സൃഷ്ടിക്കുകയും വേണം അതിന് വേണ്ടനമുക്കൊന്നിച്ച്പ്രവർത്തിച്ച്മുന്ഇപ്രകാരം പുതിയൊരു കേരളത്തിൽ പുതിയ ഒരു പ്രതിച്ഛായതന്നെഉണ്ടാക്കിയെടുക്കേണ്ടതുണ്ട.പ്രകൃതിദത്തപച്ചപ്പിനെഉണർത്തിയെടുത്തുഒരുന

വകേരളത്തെനമുക്ക്സൃഷ്ടിച്ചെടുക്കാം.

******

# ഒരു കൈത്താങ്



**ഐശ്വര്യ.പി.എൻ.**
**7.B**

നാളെയൊരു കേരളം ഉണരുന്നു
നവ കേരളമായ് ഉണരുന്നു
ഒരു കയ്യാൽ മനുഷ്യരെ
നേർഭാഗത്തുനിർത്താം
മറുകയ്യാൽ കേരളത്തെ
ഹരിതാഭമാക്കാം
പച്ചപ്പുൽ ശോഭയാൽ
നിന്നുൽഭവിക്കുന്ന ശോഭ
അതിന്റെ ഹരിതസൗന്ദര്യം
വെളിപ്പെടുത്തുന്നു
ഇനിയൊരു കേരളം
ഹരികേരളം
ഇനിയൊരു കേരളം
നവ കേരളം.

*****

# സൗഹൃദം

ലയ.ആർ
8 A



സൗഹൃദം ജീവിതത്തിലെ പ്രധാന ഘടകമാണ്. കൂട്ടുകാർ ഇല്ലാത്ത ജീവിതമില്ല. സ്നേഹവും , സന്തോഷവും, ദു:ഖവും ഒക്കെ സൗഹൃദത്തിൽ നിന്നാണ് കൂടുതലും മനസ്സിലാവുക. നമ്മുക്ക് ഒരു പ്രശ്നം വരുമ്പോൾ ഒപ്പം നിന്ന് സഹായിക്കുന്നവനാണ് യതാർത്ഥ സുഹൃത്ത്:

സുഹൃത്തുക്കളിൽ നിന്നാണ് ഒരുപാട് കാര്യങ്ങൾ നമ്മൾ മനസ്സിലാക്കുന്നത്. നമ്മുടെ ദു:ഖത്തിലും സന്തോഷത്തിലും നമ്മുടെ ഒപ്പം ഉണ്ടാവുകയും നമ്മുടെ പ്രശ്നങ്ങൾ അവരുടെതായി കാണുകയും പരിഹരിക്കുകയും ചെയ്യുമ്പോഴാണ് യതാർത്ഥ സൗഹൃദമാവുന്നത്. നമ്മുടെ ദു:ഖം അവരോട് പറയുന്നതുപോലെ അവർ നമ്മളോടും പറയും. മറ്റാരേക്കാൾ അടുപ്പം നമ്മുക്ക് സുഹൃത്തുക്കളോടാണ് ഉണ്ടാവുക. എപ്പോഴും ഒറ്റക്കെട്ടായി നിന്ന് എന്തിനെയും തരണം ചെയ്യുന്നവരാണ് സുഹൃത്തുക്കൾ. സ്വന്തം സന്തോഷത്തേക്കാൾ മറ്റുള്ളവരുടെ സന്തോഷത്തിൽ ഏർപ്പെടാനും അവരോടൊത്ത് സന്തോഷിക്കുവാനും ഒരു യഥാർഥസുഹൃത്തിനു പറ്റണം.

******

# വൃദ്ധനായ ഒരാൾ



**ഒരു** ദിവസം മീന സ്കൂളിലേക്കു പോകുവാൻ ഇറങ്ങുമ്പോൾ റോഡിൽ കൂടെ നിർമലയും അനുവും പോവുന്നത് മീന കണ്ടു . മീന അവരോടു നിൽക്കുവാൻ പറഞ്ഞു. എന്നിട്ട് അമ്മയോട് പോവുകയാണെന്ന് പറഞ്ഞതിനുശേഷം മൂന്നു പേരും നടന്നു. നടന്ന് നടന്ന് ഒരു സ്ഥലത്ത്ആൾക്കൂട്ടം. മീനയ്ക്ക് അവിടെ എന്താണ് നടക്കുന്നതെന്ന് അറിയാൻ തിടുക്കമായി.അവൾ അങ്ങോട്ടു പോയി. അവിടെ കണ്ട കാഴ്ച മീനയെ സങ്കടപ്പെടുത്തി. ഒരു വൃദ്ധൻ ഭക്ഷണം കിട്ടാതെ കരയുന്നു. ചുറ്റും കൂടിനിൽക്കുന്നവർ അതുകണ്ട് ചിരിക്കുന്നു. മീനയ്ക്ക് ആകെ വിഷമമായി. അവൾ ബാഗ് തുറന്ന് ചോറ്റുപാത്രവും അവൾക്ക് ഏറ്റവും ഇഷ്ടമുള്ള ചമ്മന്തിയും ആ വൃദ്ധന് കൊടുത്തു. ആ വൃദ്ധൻ അത് വാങ്ങി ആർത്തിയോടെ തിന്നു. അത് കണ്ട് മീനയ്ക്ക് കരച്ചിൽ വന്നു. അത് സന്തോഷത്തിന്റെ കണ്ണീരായിരുന്നു.

* * * * *

## പ്രപഞ്ചം



മായ.സി.എം
9th A

എന്തു മനോഹരം ഈ പ്രപഞ്ചം
വൃക്ഷങ്ങൾ ചാഞ്ചാടും ഈ പ്രപഞ്ചം.
പറവകൾ ഈണം പൊഴിച്ചുകൊണ്ട്,
പാറി പറക്കുന്ന മാനത്താകെ.
പൂക്കൾ ചിരിക്കുന്ന പൂന്തോട്ടത്തിൽ
പൂമ്പാറ്റകൾ വന്നു തേൻ കുടിച്ചു.
എന്തു മനോഹരം ഈ പ്രപഞ്ചം
വൃക്ഷങ്ങൾ ചാഞ്ചാടും ഈ പ്രപഞ്ചം.

*****

# തന്നുടെ സ്നേഹം

ജിതിൻ.എൻ.ജെ.
6.A

പാറുന്ന സ്നേഹം പൂമ്പാറ്റയെപ്പോൽ.
എന്നിലും നിന്നിലും ഒഴുകുന്നു നിത്യവും
പഞ്ഞിപോൽ മൃദുലമാം
സ്നേഹത്തിൽ ജനിച്ചതും നമ്മളേ....
ഇന്നിതാ ഇതിനെ വ്യർഥമാക്കുന്നതും
നമ്മൾതൻ ജീവിതം
പൊൻവിളക്കാകണം സ്നേഹമിന്ന്
സ്നേഹമാണെന്നുടെ ജീവിതാംശം.

*****

**വായനാദിനം-യു.പി.തലം ഒന്നാം സമ്മാനം ലഭിച്ചആസ്വാദനക്കുറിപ്പ്**

## ഭൂമിക്കൊരു ചരമഗീതം

(ഒ.എൻ.വി കുറുപ്പ്)

അശ്വിൻ.ബി

6A



കവിയും ഗാനരചയിതാവും ജ്ഞാനപീഠ ജേതാവുവായ മലയാളത്തിന്റെ പ്രിയകവി ശ്രീ. ഒ.എൻ.വി കുറുപ്പിന്റെ 'ഭൂമിക്കൊരു ചരമഗീതം' - എന്ന കവിതയ്ക്ക് ആസ്വാദനം . ആശയഭംഗികൊണ്ടും വൈവിധ്യമാർന്ന വാക്യപ്രയോഗങ്ങൾകൊണ്ടും ഏറെ പ്രധാന്യമർഹിക്കുന്ന ഈ കവിത. പ്രകൃതിചൂഷണത്തേയും വനനശീകരണത്തേയും ഇതിവൃത്തമാക്കി ഒട്ടനവധി കവിതകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും ' ഭൂമിക്കൊരു ചരമഗീതം'- എന്ന കവിത മറ്റൊരു മാസ്മരിക ലോകത്തേക്ക് നമ്മെ നയിക്കുന്നതായി അനുഭവപ്പെടുന്നു . വരാൻപോകുന്ന അശുഭകരമായ
ഭാവിയെപ്പറ്റി ഓർമിപ്പിക്കുന്ന കവി ഇവിടെ.

ആസനന്നമരണം കാത്തുകിടക്കുന്ന ഭൂമാതാവിന് ശാന്തി അർപ്പിച്ചുകൊണ്ട് ഇന്നേ ചരമഗീതം കുറിക്കുകയാണ് കവി .
കാരണം ഉയിരറ്റ ആമുഖത്ത് ആശ്രുപൂജ നടത്താൻ താൻ ഉൾപ്പെടെ ആരും അന്ന് അവശേഷിക്കില്ല ഭൂമുഖത്ത് എന്ന് കവി ദീർഘവീക്ഷണം ചെയ്യുന്നു. ഒരു വശത്ത് പറയിപ്പെറ്റ പന്തിരുകുലത്തിന്റെ സാഹോദര്യ പെരുമയും മറു വശത്ത് സമകാലിക സമൂഹത്തിലെ വിവേചനങ്ങളും
ഒപ്പം വരച്ചു കാട്ടുന്നു കവി. മുലയൂട്ടിവളർത്തിയ മക്കൾ അമ്മയുടെ

മാറിടം പിളർന്ന് രക്തം കുടിച്ച് തിമർക്കുന്ന ഇഷ്ടവധുവായ ഭൂമിയ്ക്ക് സൂര്യൻ നൽകിയ ഹരിത പട്ടു വസ്ത്രം വലിച്ചുകിറി അപമാനിക്കുന്ന പുതുതലമുറയിലെ മക്കൾ.വനനശീകരണമെന്ന ആഗോള പ്രശ്നത്തെ ശക്തിയേറിയ വാക്കുകൾ കൊണ്ട് കവി ഇവിടെ സൂചിപ്പിക്കുന്നു.ഇവ വായനക്കാരുടെ നെഞ്ചിൽ കൂരമ്പായി തറച്ച് കേറുന്നു.അവസാന നിമിഷങ്ങളിൽ അമ്മയായ ഭൂമി തന്റെ മക്കളുടെ ശൈശവ കാലത്തെ മധുരസ്മൃതികൾ അയവിറക്കുന്നതായി കാണാം.

"ആടിമുകിൻമാല കൂടിനീരുതിരയുന്നു
ആതിരകൾ കുളിരുതിരയുന്നു
ആവണികളൊരു കുഞ്ഞുപൂവുതിരയുന്നു
ആറുകളൊഴുക്കുതിരയുന്നു"

ഈ വരികൾ ഏറെ ആസ്വാദ്യകരമായി എത്ര ലളിതമായാണ് ആശയം ഈ വരികളിൽ പ്രകടമാകുന്നത് ! കൂടാതെ കവി വനങ്ങളെ സൂര്യൻ ഭൂമിയ്ക്ക് നൽകിയ ചിത്രപടകഞ്ചുകമായി അവതരിപ്പിച്ചത് വളരെ ആകർഷിച്ചു. ആസന്നമരണത്തി നിന്ന് അമ്മയായ ഭൂമിയെ രക്ഷിക്കാൻ ഞങ്ങൾ ശ്രമിക്കാം. മലയാളത്തിന്റെ പ്രിയ കവി സുഗതക്കുമാരിയുടെ വരികളാണ് ഇപ്പോൾ ഓർമ്മവരുന്നത്.

ഒരു തൈനടാം നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈനടാം കൊച്ചുമക്കൾക്കു വേണ്ടി
ഒരു തൈനടാം നൂറുകിളികൾക്ക് വേണ്ടി
ഒരു തൈനടാം നല്ല നാളേയ്ക്ക് വേണ്ടി

അങ്ങനെ നഷ്ടപ്പെട്ടതെല്ലാം തിരിച്ചെടുക്കാനായി കാട്ടിലെ കിളികൾക്കും നാട്ടിലെ മനുഷ്യർക്കും പറക്കുന്ന തുമ്പിയ്ക്കും തണലേകാനായി ഒരു നൂറുമരങ്ങൾ ഞങ്ങൾ നട്ടുപിടിപ്പിക്കാം. അതിലൂടെ സൂര്യൻ ഭൂമിയ്ക്ക്നൽകിയപട്ട് ഞങ്ങൾ കുട്ടികൾ വീണ്ടെടുക്കാം.

*****

# ചലച്ചിത്രം എന്നിലൂടെ

അജിത്ശങ്കർ

10 A





**സം**സ്ഥാനത്തെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ചലച്ചിത്ര നിർമ്മാണത്തിന്റെ വിവിധ വശങ്ങൾ സമഗ്രപദ്ധതിയായ "**ചലച്ചിത്ര നിർമ്മാണ ശില്പശാല**"പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി STATE INSTITUTE OF EDUCATION TECHNOLOGY യും NATIONAL INSTITUTE OF VISUAL SCIENCE AND ART- സും ചേർന്ന് നടത്തിയ ഓൺലൈൻ പരീക്ഷയിൽ ഓരോ ജില്ലയിൽ നിന്നും 30 കുട്ടികളെ വച്ച് തിരെഞ്ഞടുത്തിരുന്നു.ആ 30 പേരിൽ ഒരാളാവാൻ എനിക്ക് ഭാഗ്യമുണ്ടായി.വിദ്യാർത്ഥികൾക്ക് തിരക്കഥാ,ഷൂട്ട്ംങ് എഡിറ്റിംങ്,ശബ്ദ മിശ്രണം,ആനിമേഷൻ,അഭിനയം തുടങ്ങിയ വിഷയങ്ങളിലാണ് അവർ പരിശീലനം നൽകിയത്.വളരെ സന്തോഷവും ആകാംക്ഷയുമാണ് കഴിഞ്ഞദിവസങ്ങളിൽ എനിക്ക് ലഭിച്ചത്.തൃശ്ശൂർ ജില്ലയിലെ പീച്ചിയിൽവച്ചാണ് ഞങ്ങൾക്കുള്ള പരിശീലനം ലഭിച്ചത്. നാലു ദിവസം നീണ്ടുനിന്ന ക്യാമ്പ് എന്റെ ജീവിതത്തിൽ മറക്കാനാവാത്ത നല്ല കുറച്ച് സൃഷ്ട്ടിച്ചു. അവിടെ ഞങ്ങൾക്ക് Short film എടുക്കാനും സംവിധാനം പഠിപ്പിക്കുന്നതിലും നേതൃത്വം നൽകിയത് ശംഭുസാറാണ്. അതു മാത്രമല്ല സിനിമയെക്കുറിച്ചും അതിന്റെ ഘടനയും കുട്ടതലറിയാൻ ഞങ്ങൾക്ക് സഹായകമായത് സിനിമാനടൻ ഇർഷാദ് സാറിന്റെ ക്ലാസ്സായിരുന്നു.ഈ സൗഭാഗ്യം എനിക്ക് ലഭിച്ചത് എന്റെ എല്ലാ ടീച്ചേഴ്സിന്റേയും

പ്രധാനാധ്യാപികയുടേയും സുഹൃത്തുക്കളുടേയും സഹായവും പിന്തുണയും കൊണ്ടാണ്.

*****

## വിത്തിടീൽപാട്ട്



കൊച്ചിക്കിപ്പുറം-കൊല്ലത്തിനിപ്പുറം
കൊച്ചിക്കൊടുങ്ങല്ലൂകൊച്ചാലിനിപ്പുറം
കിഞ്ഞമ്പിരാന്റെ നടപടിയാണേ!
നാളെ നമുക്കൊരു വിത്തിടീലാണേ
പെണ്ണാളെല്ലാരും വന്നേക്കിണേടീ
പോരികളെല്ലാരും വന്നേക്കണേടീ
ചെങ്ങാലിപ്പോരിയും വന്നേക്കിണേടീ
കുഞ്ഞമ്മാരെല്ലാം വന്നേക്കണേടീ
നാളെനമുക്കൊരു വിത്തിടീലാണേ
നാളെനമുക്കൊരു നത്തിരമാണേ
തെയ്യിത്തിനന്ത
തിനന്തിനം താരാ
താരാതിനന്ത
തിനംതിനം താരാ

*****



## ഞാറുനടീൽ പാട്ട്

എണ്ണക്കുറുമ്പി പെണ്ണാളാപ്പാടത്ത്
കിന്നാരം പറഞ്ഞോണ്ടു.
പുന്നാരം ഞാറും നട്ടു......
തെ്യതനം താരാ തെയ്യതനം തരാ.......
ഏയിളം കരിമ്പന പൂത്തതു പോലവൾ
ഏയിളം കരിമ്പന പൂത്തതു പോലവൾ
തെയ്യതനം താരാ.......തെയ്യതനം താരാ
ഏറെ നേരത്തേക്കൊരു പൂച്ചന്തച്ചിരിചിരിച്ചു
ഏറെ നേരത്തേക്കൊരു പൂച്ചന്തച്ചിരിചിരിച്ചു
തെയ്യതനം താരാ.......തെയ്യതനം താരാ
തെക്കൻ പാട്ടിന്റെ ശീലുകൾ പാടീട്ട്
തെക്കൻ പാട്ടിന്റെ ശീലുകൾ പാടീട്ട്
തെയ്യതനം താരാ.....തെയ്യതനം താരം
മച്ചമ്പിയാരെ കെട്ടാൻ മാറാളിപ്പെണ്ണാള്
കള്ളക്കണ്ണോടിച്ചു നോക്കുന്നുണ്ടേ
കള്ളക്കണ്ണോടിച്ചു നോക്കുന്നുണ്ടേ
തെയ്യതനം താരാ.......തെയ്യതനം താരാ
തെയ്യതനം താരാ.......തെയ്യതനം താരാ

*****



# സ്നേഹ വൃക്ഷം


അഞ്ജലിശിവ . എസ്

9th A

ഹൃദയത്തിൻ നാളത്തിൽ ഒരു കുഞ്ഞു പൂവേന്തി
ഉണരുന്ന നിൻ നാളമായെന്നിലെ സ്നേഹം
പടരുന്ന വള്ളിപോൽ വിടരുന്ന സ്നേഹത്തിൻ
ചുടുനീർ പൂവുകൾ എന്നുമെൻ നെഞ്ചിൽ
സ്നേഹമെന്നാമര തണലിൽ ഇരിക്കുവാൻ
പുളകിതമാകുവാൻ കേഴുന്ന ഒരു മനം
എന്തിനു കോപത്തിൻ വിഷ മഴ ളുകുന്നു
സ്നേഹത്തിൻ വർഷത്തിൻ ഉടലെടുക്കുന്നൊരു-
നാമ്പായി,ചെടിയായി,മരമായി മാറട്ടെ .

*****

# ഓർമ്മകൾ മൊട്ടിടുമ്പോൾ



അഞ്ജനാദാസ്.പി. എ
9th A

ഇന്നലെ പെയ്ത മഴയുടെ താളം എന്നെ എന്റെ കുട്ടിക്കാലത്തിലേക്ക് എത്തിച്ചു. മഴയത്ത് ആർത്ത് ഉല്ലസിച്ചതും , മണ്ണുവാരിക്കളിച്ചതുമെല്ലാം ഒരു മിന്നൽ പോലെ . മാങ്ങപറിച്ച് കൂട്ടുകാരുമൊത്ത് ആർത്തിയോടെ തിന്നിരുന്നതുമൊക്കെ ഞാൻ ഇപ്പോഴുമോർക്കുന്നു. ആ കാലം എത്ര സുന്ദരമായിരുന്നു ! പൂക്കളേ നോക്കി മരങ്ങളിൽ കയറി പാട്ടുപാടി പ്രകൃതി തന്ന വരദാനങ്ങളെ ആസ്വദിച്ചിരുന്ന ഒരു കാലം . സൂര്യരശ്മികൾ മറവിലേക്ക് മായുമ്പോൾ ദുഃഖിച്ചിരുന്ന ഒരു കാലം ആഹ എന്തു രസമായിരുന്നു ! ദിവസങ്ങൾ പോകുന്നതറിയാതെ ഓരോ നിമിഷവും ആഹ്ലാദപൂരിതമാക്കിയിരുന്ന ആ കാലം ഓർക്കുമ്പോൾ മനസ്സും ശരീരവും കോരിതരിക്കുന്നു. അങ്ങനെയുള്ള നിമിഷങ്ങൾ ഇനി വരുമോ എന്ന് അറിയില്ല എങ്കിലും ഞാൻ അതുപോലെയുള്ള കൊച്ചു കൊച്ചു സന്തോഷങ്ങൾക്കായ് കൊച്ചു കൊച്ചു ആഹ്ലാദങ്ങൾക്കായ് കാത്തിരിക്കുന്നു.

*****

ആസ്വാദനക്കുറിപ്പ്

# ശബ്ദിക്കുന്ന കലപ്പ

സ്നേഹ.

**9.a**

പ്രശസ്ത എഴുത്തുകാരൻ പൊൻകുന്നം വർക്കിയുടെ വളരെ ചിന്താത്മകമായ ഒരു കഥയാണ് 'ശബ്ദിക്കുന്ന കലപ്പ'മനുഷ്യന് പ്രകൃതിയുടെ ഉള്ളിലേക്ക് എത്രത്തോളം ഇറങ്ങി ചെല്ലാൻ പറ്റും എന്ന് കാണിക്കുന്ന ഒരു കഥയാണിത്.കണ്ണൻ എന്ന കാളയുടേയും അതിന്റെ ഉടമയായ അവുസേപ്പിന്റേയും കുടുംബത്തിന്റെയും കഥയാണിത്.സ്വന്തം മക്കളെപ്പോലെ സ്നേഹിച്ചും ലാളിച്ചും ഒപ്പം ശാസിച്ചും ഒരു കുടുംബം പോലെ കഴിഞ്ഞിരുന്ന കണ്ണനെ മകൾ കത്രിനയുടെ  കല്ല്യാണാവശ്യങ്ങൾക്കും മറ്റു ചിലവുകൾക്കും വേണ്ടി കാളയെ വിൽക്കുകയാണ് ചെയ്യുന്നത്.മനുഷ്യൻ എത്രത്തോളം മൃഗങ്ങളെ സ്നേഹിക്കുന്നു അത്രയും തന്നെ അവർ നമുക്ക് തിരിച്ചുതരുന്നു.മൃഗമാണെങ്കിലും രക്ഷിതാവെന്ന നിലയിലുള്ള ആളെ വിട്ട് ഒരു കശാപ്പുകാരന്റെ വെട്ടുകത്തിയിൽ ഒടുങ്ങാനാണ് തന്റെ വിധി എന്ന് കരുതി അതും ചങ്ക് പൊട്ടി അമറി. വാർദ്ധക്യത്തിന്റെ ഒരു മൂലയിൽ ബാദ്ധ്യതകൾ കൊണ്ടു നിറഞ്ഞ് നിൽക്കുന്ന സന്ദർഭത്തിൽ കണ്ണനെ കണ്ടുമുട്ടുകയും ചട്ടയും മുണ്ടും വാങ്ങാൻ കൊടുത്തു വിട്ട പണം കൊണ്ട് കശാപ്പുകാരന്റെ കയ്യിൽ നിന്നും എല്ലും തോലും വേറിട്ടു കാണുന്ന നിലയിൽ കണ്ണനെ രക്ഷിച്ചു കൊണ്ടു വന്നു.പിറ്റേന്ന് കണ്ണനെ കാണാൻ വേണ്ടി പോയ അവുസേപ്പ് നിരാശനായാണ് തിരിച്ചു വന്നത് കാരണം എന്നെന്നേക്കുമായി കണ്ണൻ എല്ലും തോലുമായിരിക്കുന്നു.

ഈ കഥയ്ക്ക് വളരെയേറെ കാലിക പ്രസക്തി ഉണ്ട്.കോൺ ക്രീറ്റ് ജീവിതത്തിനടിമകളായ ജനതയ്ക്ക് മണ്ണും മരവും മൃഗങ്ങളും എന്നെന്നേയ്ക്കും ആയി ഇല്ലാതായിരിക്കുന്നു.

പൊൻകുന്നം വർക്കിയുടെ ഈ പ്രകൃതി സംബന്ധമായ കഥയോട് സമാനമായ കഥകളാണ്.സന്തോഷ് എച്ചിക്കാനത്തിന്റെ'അടയ്ക്ക പെറുക്കുന്നവർ',52*32,സുസ്മേഷ് ചന്ദ്രോത്തിന്റെ ഹരിതമോഹനം,എൻ.പ്രഭാകരന്റെ മായാമയം എന്നിവയും ഇവയിലെല്ലാം പ്രകൃതി സമകാലിക ജീവിതത്തിൽ എങ്ങനെ നിലനിൽക്കുന്നു എന്ന് എടുത്തു

പറയുന്നു. കഥയിൽ ഓരോന്നിനേയും ഹൃദയസ്പർശിയായി വർണിച്ചിരിക്കുന്നു.കാള പോയപ്പോൾ തനിച്ചായ കലപ്പയെ അവസാനഘട്ടത്തിൽ സംസാരിക്കുന്നു എന്ന് സൂചിപ്പിച്ചിരിക്കുന്നു.ഇതിലൂടെ മനുഷ്യരുടെ ഒരു കഴിവിനെ ജീവനില്ലാത്ത ഒരു വസ്തുവിനോട് ഉപമിച്ചിരിക്കുന്നു.അതുപോലെതന്നെ അവുസോപ്പ് ചേട്ടനെ തലമുടി നരച്ച്,കണ്ണിന്റെ കാഴ്ചകുറഞ്ഞ്,തൊലിചുളിഞ്ഞ്,വാതം പിടികൂടി എന്നൊക്കെ പറയുന്നതിലൂടെ വാർദ്ധക്യം പിടിപെട്ടിരിക്കുന്നു എന്ന് മനസ്സിലാക്കാം പക്ഷേ അതിനെ ഒന്നുകൂടി വർണിച്ചാണ് രചയിതാവ് ഇതിനെ കാണിച്ചിരിക്കുന്നത്

സമകാലിക ലോകത്ത് വളരെ പ്രസക്തിയേറിയ ഒരു കഥയാണ് "ശബ്ദിക്കുന്ന കലപ്പ".മണ്ണും മണ്ണിലേക്കിറങ്ങി ചെല്ലാനുള്ള ഒരു ത്വരയും ഇപ്പോൾ ആരുടെ മനസ്സിലും ഇല്ല.വാക്കുകളോ പ്രസംഗങ്ങളോ കൊണ്ട് മാത്രം "പ്രകൃതിയിലേക്ക് ഇറങ്ങി ചെല്ലുവിൻ"എന്ന് പറഞ്ഞ് കൊണ്ട് ഒരു കാര്യവുമില്ല.'പ്രവൃത്തി' ഇത് ആരും ഇപ്പോൾ ചെയ്യുന്നില്ല.പണ്ട് പ്രകൃതിയിൽതന്നെ ജീവിക്കാനുള്ള സമ്പത്ത് കണ്ടെത്തുമായിരുന്നു.പക്ഷേ ഈ കാലത്ത് പ്രകൃതിയെ തന്നെ ചൂഷണം ചെയ്താണ് സമ്പത്ത് ഉണ്ടാക്കുന്നത്.ജീവിതം പ്രകൃതിയോട് ഇഴുകി ചേർന്ന് ജീവിക്കുക അതുപോലെ ജീവജാലങ്ങളെ സംരക്ഷിക്കുകയും ചെയ്യുക എന്ന് ഈ കഥ നമുക്ക് സന്ദേശം നൽകുന്നു.സ്വന്തം കുടുംബത്തിലെ ഒരംഗത്തെപോലെ മറ്റു സസ്യ ജീവജാലജന്തുക്കളേയും സംരക്ഷിക്കുക എന്ന് പൊൻകുന്നം വർക്കിയുടെ ഈ കഥ വിളിച്ചോതുന്നു.

*********

## യാത്രാവിവരണം

# നെല്ലിയാമ്പതി



ഷാഹിന.എൻഎച്ച്

9 A

എന്റെ ജീവിതത്തിൽ എനിക്ക് മറക്കാൻ പറ്റാത്ത ആ യാത്ര പോവുമ്പോൾ ഞാൻ രണ്ടാം ക്ലാസിൽ പഠിക്കുകയായിരുന്നു. ഫാമിലി ടൂറാണ് പോയത്. പക്ഷേ സ്കൂളിലത്തെ പോലെ അടിച്ചു പൊളിച്ചു. പക്ഷേ ഒരു വിഷമം മാത്രം എന്റെ കാൽ ഒടിഞ്ഞിരിക്കുകയായിരുന്നു. എന്നെ അതിന്റെ ഒരു കുറവും അറിയാതെ ഉമ്മയും താത്തയും ഉപ്പയും എല്ലാവരും മാറി എടുത്തുകൊണ്ട് നടന്നു. ആദ്യം പോയത് നെല്ലിയാമ്പതി മലകയറാനാണങ്ങ. നെല്ലിയാമ്പതി കാണേണ്ട സ്ഥലം തന്നെയാണ്.

നിറയെ മഞ്ഞ് മൂടിയ മലകളും അതിൽ പച്ചപ്പ് നിറച്ച് കൊണ്ട് നിറയെ തേയിലത്തോട്ടവും. പിന്നെ കുറേ കുരങ്ങൻമാരും. കുരങ്ങൻമാർ കാണാൻ ഭംഗിക്കുവേണ്ടി തേക്കിന്റെ ഇളമ്പില പൊട്ടിച്ച് കവിളത്തുരസുന്നത് കണ്ടു. അപ്പോഴത് ചുവപ്പായി. ഒരു മല ചുറ്റികണ്ടപ്പോഴേക്കും നേരം ഉച്ചയായി. ഞങ്ങൾ ഭക്ഷണം കഴിക്കാൻ വേണ്ടി വണ്ടിയുടെ അടുത്തു പോയി. അപ്പോഴാണ് വണ്ടിക്ക്

ചുറ്റും മുകളിലുമായി ഓടിക്കളിക്കുന്ന കുരങ്ങുകളെയും മൈനകളെയും കണ്ടത്. അവർ ഞങ്ങളെ
കണ്ടപ്പോൾ വേഗം പോയി. ഭക്ഷണം കഴിക്കാൻ തുടങ്ങിയപ്പോൾ വീണ്ടും വന്നു. ഭക്ഷണം തട്ടിയെടുക്കാൻ ശ്രമിച്ചു. അപ്പോൾ ഞങ്ങൾ കുറച്ചു ഭക്ഷണം അവർക്കും കൊടുത്തു. ഭക്ഷണം കഴിഞ്ഞ ശേഷം ഞങ്ങൾ നെല്ലിയാമ്പതിയിലെ 'പോത്തുണ്ടി' എന്ന മലകയറി. ആ മല വളരെ കൗതുകം നിറഞ്ഞതായിരുന്നു. മുതലക്കുളവും

പച്ചപ്പൂക്കൾ വിരിയുന്ന കൊച്ചു ചെടിയും പിന്നെ കണ്ടത് മറക്കാൻ പറ്റാത്തതാണ്. അവിടെയുമുണ്ട് കുരങ്ങൻമാർ. ഒരു ചേച്ചിയുടെ തല പിടിച്ച് പേൻ നോക്കിക്കൊടുക്കുന്ന
കുറേ കുരങ്ങൻമാർ. കുറേ പേർ ചുറ്റും ഓടിക്കളിക്കുന്നു. ചിലർ കുഞ്ഞിനേം കഴുത്തിൽ
തൂക്കി നടക്കുന്നു. അവിടെ നിന്ന് വേഗം സ്ഥലം വിട്ടു ഞങ്ങൾ എത്തിപ്പെട്ടതോ കൊക്കയിലേക്ക്. ഞങ്ങൾ പേടിച്ച് നിൽക്കുമ്പോഴാണ് ഒരാൾ കള്ളും ചെരുപ്പും മറ്റും
മുകളിൽ വച്ച് താഴേക്ക് ഇറങ്ങി പോകുന്നു. വള്ളിയിൽ തൂങ്ങി മരത്തിൽ പിടിച്ച് പാറയിൽ പൊത്തിപിടിച്ച് കണ്ടപ്പോൾ തന്നെ പേടി തോന്നി. അവിടുന്ന് മലയിറങ്ങി പോരുമ്പോൾ ഞങ്ങൾ മുതലക്കുളവും കണ്ടു. ഭാഗ്യത്തിന് മുതലകളുണ്ടായിരുന്നില്ല.
മലയിറങ്ങിയ ഞങ്ങൾ സാധനം വാങ്ങാൻ പോയി. ശേഷം നേരം ഇരുട്ടിയപ്പോൾ വീട്ടിലേക്ക് തിരിച്ചു. വീട്ടിലെത്തിയത് 11 മണി രാത്രിയായിരുന്നു. അന്ന് ഉപ്പാന്റെ
വീട്ടിൽ നിന്നു. എന്തായാലും ഈ യാത്ര ഞാൻ ഒരിക്കലും മറക്കില്ല.

*****

# ***FRIENDSHIP***



*Muhammed Ajmal .P .A*
*8 A*

*Friendship is very important in our life. I have a best friend in my life .My best friend is Thoufeeq . I call him Thofi .He is a very good friend . If I have any problem he will solve it. He is my best friend.*

*****


# FIND THEM

***Look at these friends. Their names are hidden in the grid. Can you circle them?***


**1.**

| | | | | |
|---|---|---|---|---|
| M | O | O | N | S |
| A |  | | | U |
| T | | | | N |
| M | O | U | S | E |

**2.**

| | | | | |
|---|---|---|---|---|
| D | E | E | R | D |
| U |  | | | O |
| C | | | | G |
| K | B | I | R | O |

**3.**

| | | | | |
|---|---|---|---|---|
| D | F | L | Y | A |
| U |  | | | S |
| C | | | | S |
| K | G | O | A | |

by
Abil Prasad

*****

# ***THE FIRST SHOWERS***

***Sneha .N . J***
***8 . A***

The first drop of the first showers,
May fall in my land
The first drop of the first showers,
May bring happiness to all.

The showers of the rain,
Like the rhythm of the drums,
Make my land green
Like the beautiful pastures.

The showers of rain
Make my people joyous
Make my land smell fresh
Make my heart ecstatic.

Oh! dear drops of rain
Please come to our land
And bless us with your little drops
And make our land beautiful as heaven.

*****

# My Dream

Abil Prasad
8 A



I want to fly like a bird
I want to swim like a fish
I want to laugh like a baby

I want to feel the rain
I want to smell the flower
I want to hear the voices of birds

I want to chase my dreams
I want to live my dreams
I want to ...............................................

*****

# RABINDRANATH TAGORE




Rabindranath Tagore was born in 1861 in Bengal. He was educated at home. At the age of seventeen he was sent to England for formal schooling. But he did not complete his studies there. He became famous as a Bengali Poet,short-story writer,song composer, playwright, essayist, and painter. He founded Shanti Niketan. It was an experimental school where he tried his Upanishadic ideas of education.He was awarded the Nobel Prize for Literature in 1913 for his work Gitanjali (1910). He was the first Indian to win the Nobel Prize. His major works are Manasi ( 1890), Sonar Tari (1894 ), Gitimalya ( 1914) and Balaka ( 1916). He passed away in 1941.

*****

# READING DAY

Nithya . P . S

9 . A



June 19th is celebrated as reading day in memory of the great malayalam writer P.N Panicker. Reading is a main part in our life. We become aware of our world through reading and writing . It we don't know how to read and write we won't be able to achieve our aims in life. Read and Grow is the caption of reading day.

*****




## My favourite player

Abil Prasad
8 A

**Cristiano Ronaldo** alias Cristiano Ronaldo dos Santos Averia was born on 5 february 1985.He is the youngest of four children born to Maria Dolers dos Santos Aveiro and Jose Dinis Aveiro .He is a Portuguese professional footballer who plays as a forward for Italian club Juventus and is the captain of the Portugal national team. He is considered as one of the greatest players of the world. He has won 26 tophies in his career. It includes 5 league titles, five UEFA Champions League titles and one UEFA European Championship. He is my favourite player.

*****

# *Friendship*



***Sneha . N . J***
***8 . A***

***F**riendship is a beautiful relationship. I have many friends in my school . But among those Praveena , my best friend , holds a special position in my heart. I remember one occasion .One morning my phone rang. It was Praveena . I was surprised . Why was she calling me so early . I wondered . Then she wished me '**HAPPY BIRTHDAY'** .I was so happy because she wished me first. Not even my parents or my dear brother got a chance to wish me. At that moment I remembered all those happy days spent with my friends. And now , I am thinking about our 10th std and then........ We will have to go to different places .But then*

*we meet to part and part to meet.*

So somewhere , sometime in future I will have my dear friends with me.

*****

# Friendship

Vipin.U.P
8-A




F=Field of love
R=Root of joy
I=Island of God
E=End of sorrow
N=Name of hope
D=Door of understanding.

സുഹൃത്ത്--- എനിക്ക് ഏറെ വിലപ്പെട്ടതാണ്. എന്റെ എല്ലാ സങ്കടത്തിലും സന്തോഷത്തിലും എനിക്കൊപ്പം നില്ക്കുന്ന എന്റെ കൂട്ടുകാരൻ .സൗഹൃദം ഒരു സമ്പത്താണ്.

*****

# DREAM TRIP

Niranjana . R
V A





**I**t was a September morning, we started our dream trip to Silent Valley. In our team there were 40 students and 4 teachers. We started the trip sharp at 8.30a.m. At the time of departure the face of our parents were pale. They were scared to send us to a forest,but we were really tension free. Silent Valley is a beautiful place,it is a good place for a trip. Silent valley is a rainforest. We couldn't reach national park. We only reached the buffer zone. We stayed there for two days in a dormitory (Tathe mangalam).
We saw the Kunthi river .We drank from the river. It was very cool and the water tasted like honey. We enjoyed the trip. We went to the Smrithivanam. We planted some bamboo saplings. We destroyed the “communist pacha” a weed commonly found . And we learned the names of many new trees. Then we went to the dormitory and we played a lot. We ate snacks .Later we had our food and we slept .Next day at 4 'o'clock

we returned from there with our **“EVERGREEN”** memories.

*****











# EATABLES

Certain words in English contain the name of eatables. Consider the following words:

| | | |
|---|---|---|
| Grapple | contains | Apple |
| Beggar | " | Egg |
| Scream | " | Cream |
| Teacher | " | Tea |
| Boats | " | oats |
| Hamlet | " | ham |
| peasant | " | pea |
| plumage | " | plum |
| yammer | " | yam |
| limerick | " | lime |
| rice-paper | " | rice |
| fishery | " | fish |

*****

# SURGICAL WORDS

The initial and final letters of a word can be cut off to form a new word. Many words come under this category. A few examples are given below.

| | | | | | |
|---|---|---|---|---|---|
| Game | - | am | wise | - | is |
| hate | - | at | clover | - | love |
| crane | - | ran | yearn | - | ear |
| stage | - | tag | dreads | - | read |
| panda | - | and | spots | - | pot |
| money | - | one | crowd | - | row |
| pants | - | ants | fever | - | eve |
| water | - | ate | steal | - | tea |

*****

# SHRUNKEN WORDS

This is the process of shrinking a word by deleting letters one by one to a single letter .

LATTER
LATER
LATE
ATE
AT
A

SCREAM
SCRAM
CRAM
RAM
AM
A

RESTATE
ESTATE
STATE
SATE
ATE
AT
A

STARTLING
STARTING
STARING
STRING
STING
SING
SIN
IN
I

*******

# संस्कृतम्

आप्तवाक्यानि

१.सत्यमॆव जयतॆ ।
२.विद्याधनं  सर्वधनात् प्रधानम् ।
३.लोकाः समस्ताः सुखिनो भवन्तु ।

४. अप्राप्यं नाम नॆहास्ति धीरस्य व्यवसायिनः ।

५. परोपकाराय सतां विभूतयः ।

६. शरीरमाद्यं खलु धर्मसाधनम् ।

७. मातृदॆवो भव,पितृदॆवो भव,आचार्यदॆवो भव ।

८. असतो मा सद्गमय ।तमसो मा ज्योतिर्गमय ।मृत्योर्मा अमृतंगमय ।

९. हुतं च दत्तं च तथैव तिष्ठति ।

१०. वसुधैव कुटुम्बकम्

* * * * *

# अस्माकं संस्कृतिः

ॐ सहनाववतु सहनौ भुनक्तु

सहवीर्यं करवावहै

तेॅजस्विनावधीतमस्तु

मा विद्विषावहै

ॐ शान्ति शान्ति शान्तिः ।

भारतस्य संस्कृतिः अतिप्राचीना भवति ।अस्माकं संस्कृतिः धर्मार्थकाममोक्षाख्येषु पुरुषार्थेषु प्रतिष्ठिता भवति ।धर्मानुसारम् अर्थकामौ अनुभूय मोक्षम् आप्नुयात् इति धर्मविदः वदन्ति ।सर्वाः अपि भाषाः स्वसंस्कृतेः प्रसारणोॅपाधयाः भवन्ति । संस्कृतस्य संस्कृतेश्च परस्परसम्बन्धः वर्तते ।भारतीयसंस्कृतेः पालनपोॅषणप्रसारणेषु संस्कृतभाषायाः योॅगदानं नितरां महनीयं भवति ।इयं भाषा सनातनभारतीयसंस्कृतेः वाहिनि इति सुविदिता एव ।भारतीयसंस्कृतेः वाहकः वेदेतिहासपुराणादयः संस्कृतभाषया रचिताः ।

"वसुधैव कुटुम्बकम्" ,' ' मातृदेवोॅ भव",' ' आचार्यदेवोॅ भव' ' ,' ' लोॅकाः समस्ताः सुखिनोॅ भवन्तु",' ' मा कश्चिद् दुःखभग् भवेत्' ' इत्यादयः सूक्तयः भारतसंस्कृतेः महिमानम् उदघोॅषयन्ति ।

* * * * *

# ART GALLERY




*SHAHINA 9 A*

*LALJITH 7B*



*Sneha N J 8A*






*Maya 9A*




*Abhinov 9A*


ENGLISH MAGAZINE
PICTURE WITH IN A
ART by
WHAT DO SEE IN THIS PICTURE?
9.Thoufeeq
8th A

*Thoufeeq 8 A*



*Shahina N H 9A*

*Shahina N H 9A*




24
TAJ MAHAL
Mohammed Afsal
VIII - B

**നവജ്യോതി** എന്ന ഈ എളിയ സംരംഭം നിങ്ങൾക്കു മുൻപിൽ സമർപ്പിക്കാനായതിൽ ഞങ്ങൾ അതിയായി

സന്തോഷിക്കുന്നു. ഞങ്ങളുടെ തുടർപ്രവർത്തനങ്ങളിൽ

അധ്യാപകരുടെയും പി. ടി . എ യുടെയും കൈറ്റിന്റെയും വിദ്യാർഥി സുഹൃത്തുക്കളുടെയും പ്രോത്സാഹനങ്ങളുണ്ടാകുമെന്ന

പ്രതീക്ഷയോടെ. . . . . . . . . . . നന്ദി.

**ലിറ്റിൽ കൈറ്റ്സ്**